# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം9/1449/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 13/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം9/1449/2021 തീയ്യതി: 13/10/2021

## മലപ്പുറം ജില്ലയിലെ മൂതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 23-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുള്ള എ.സി ഓഡിറ്റ് ഓഫീസർ

ശ്രീ. സന്തോഷ് പി.ടി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അമീൻഫൈസൽ ടി.ടി ഓഡിറ്റർ(സീനിയർ ഗ്രേഡ്)

ശ്രീമതി സക്കീന കെ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. അഹമ്മദ് സഗീർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണ സമിതി | പ്രസിഡന്റ് | 21-12-2020 | 29-12-2020 |
| | | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. പി കെ ബാബുരാജ് | പ്രസിഡന്റ് | | |
| ശ്രീ. പ്രദീപൻ പി.കെ | സെക്രട്ടറി | 01-04-2020 | 10-03-2021 |
| ശ്രീ. മുഹമ്മദ് ഫൈസൽ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഫൈസൽ എം | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിനിത എം | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ഡോ. സ്വാബിർ നാലകത്ത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 30-01-2021 |
| ഡോ. അജിൽ എ.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 30-01-2021 | 31-03-2021 |
| ഡോ. അബ്ദുൽ റഫീഖ്. ഒ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. സൈഫുന്നീസ ടി.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഇന്ദു കെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. സുമേഷ് വളരാടൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുൾ നാസർ കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഹസ്ന സി എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷാനി ജസ്റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 04-11-2020 |
| ശ്രീമതി. സുലോജന കെടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-11-2020 | 31-03-2021 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.C.Abdulla (Audit Officer, On 30-08-2021)<br>Last Updated By: A.C.Abdulla (Audit Officer, On 30-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ameen Faisal.T.T (Senior Grade Auditor, On 13-09-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 13-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 13-09-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 13-09-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 13-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A.C.Abdulla (Audit Officer, On 30-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.C.Abdulla (Audit Officer, On 30-08-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ<br>Written By: A.C.Abdulla (Audit Officer, On 30-08-2021)<br>Last Updated By: A.C.Abdulla (Audit Officer, On 30-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 30-08-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-11 |
| 12 | കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു - വസ്തു നികുതി കുറവ്<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-13 |
| 14 | തനതുഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തത് സംബന്ധിച്ച്<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-14 |
| 15 | ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിന്മേൽ കെട്ടിട നിർമ്മാണ അനുമതി നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-15 |
| 16 | ഇ-ടെണ്ടർ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ അടവാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-16 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ -അവലോകനം<br>Written By: Santhosh.P.T (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-18 |
| 19 | എയ്ഡഡ് സ്കൂളിൽ ടോയ് ലറ്റ് നിർമ്മിക്കൽ -അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | 1-19 |
| 20 | ആയുർവേദ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. | 1-20 |

| | | |
|---|---|---|
| | Written By: Santhosh.P.T (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 13-10-2021) | |
| 21 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-21 |
| 22 | പ്രിന്ററർ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-22 |
| 23 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയില്ല<br>Written By: A.C.Abdulla (Audit Officer, On 09-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-23 |
| 24 | വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല<br>Written By: A.C.Abdulla (Audit Officer, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 1-24 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 30-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 13-09-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 30-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 30-08-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 30-08-2021)<br>Last Updated By: Unni.P (Deputy Director, On 05-10-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2020-21ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/20-03-2020 | 1(1)/16-02-21 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 14.06.2021 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5879012 |
| വരവ് | 64332076 |
| ആകെ | 70211088 |
| ചെലവ് | 60732015 |
| നീക്കിയിരിപ്പ് | 9479073 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11373169 | 11373169 | 8961613 | 2411556 | 79 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7598274 | 7598274 | 7596274 | 2000 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 156000 | 156000 | 156000 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3456681 | 3456681 | 2949145 | 507536 | 85 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12131000 | 12131000 | 12131000 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5859152 | 5859152 | 5849896 | 9256 | 100 |
| 3-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 4590000 | 4590000 | 1235075 | 3354925 | 26 |
| ബി ഫണ്ട് | 0 | 43842900 | 43842900 | 43842900 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 469789 | 10854560 | 11324349 | 10174349 | 1150000 | 90 |
| തൊഴിലുറപ്പ് പദ്ധതി | 0 | 22812399 | 22812399 | 22812399 | 0 | 100 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി (എണ്ണം) | നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 246 | 70476037 | 199 | 48679742 | 0 | | 47 | 69% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1437967 | 1437967 | 1437967 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21374432 | 21374432 | 21374432 | 0 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5354200 | 159 |
| വിധവാപെൻഷൻ | 14139600 | 713 |
| വാർദ്ധക്യകാലപെൻഷൻ | 18676200 | 1381 |
| വികലാംഗപെൻഷൻ | 5188700 | 226 |
| വിവാഹ ധന സഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 304200 | 17 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-08-2021 ന് 12 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് തുക 24580/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ എല്ലാ വിവരവും ചേർത്ത് എഴുതി സൂക്ഷിച്ചിട്ടില്ല.
2. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ,വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ പൂർണ്ണമാക്കിയിട്ടില്ല.
3. ഫ്രണ്ട് ഓഫീസ് ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ,തപാൽ കൈപറ്റുമ്പോൾ സെക്ഷൻ തീയ്യതി രേഖപ്പെടുത്തി ഒപ്പ് വെക്കുന്നില്ല.
4.കൃഷി ഓഫീസർ ,അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5.ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.
6. സ്റ്റാൻഡിംഗ് കമ്മറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം ഫലപ്രദമാക്കണം.
7. തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്..
8 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.
9. നിർവഹണഉദ്യോഗസ്ഥർ ഫയലിനോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ലഭ്യമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.02 .2021 മുതൽ 16.02 .2021 വരെ | 4/2020മുതൽ 10/2020 വരെ | 16.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-2016മുതൽ 7-01-2017 വരെ | 2011-12മുതൽ 2015-16വരെ | 27-02-2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2020-21 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കണ്ടു.

1.വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് (കുടിശ്ശിക) | 137142 | 172550 | 35400 |
| കളക്ഷൻ (തൻവർഷം) | 2451800 | 2463167 | 11367 |
| ബാലൻസ് (തൻവർഷം) | 369636 | 370658 | 1946 |

2.സംയുക്ത പ്രോജക്ടുകൾ ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയി തുക (B-4) നീക്കിയിരുപ്പുമായി (RP -40(B)) പൊരുത്തപ്പെടുന്നില്ല.

3.ലൈബ്രറി സെസ്സിനത്തിൽ ബുക്ക് ചെയ്ത തുക ക്രമ പ്രകാരമല്ല (B-15വസ്തുനികുതിയുടെ 5%).

4.Total Sanitation Campaign ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയി തുക (B-4) നീക്കിയിരുപ്പുമായി (RP -40(B)) പൊരുത്തപ്പെടുന്നില്ല.

5.ബാലൻസ് ഷീറ്റിൽ Stock In Hand ഇനത്തിൽ 32124/-രൂപ ബുക്ക് ചെയ്തിട്ടുണ്ട്. സ്റ്റേഷനറി ഇനത്തിലെ നീക്കിയിരുപ്പുകൾ Stock In Hand ഇനത്തിൽ ബുക്ക് ചെയ്തത് ക്രമ പ്രകാരമല്ല.

6.ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7.ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്യുന്നതിന് മുമ്പ് ചെലവ്(ചെക്ക് നമ്പർ 12895,12896,12899 Etc) ചെയ്യുന്നു.

8.കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

9.വികസന ഫണ്ട് (ജനറൽ, SCP) ലെ സോഴ്സ് നിന്നും കുറവ് വരുത്തിയ തുക ACR ൽ ഉൾപ്പെടുത്തില്ല. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ACR മായി പൊരുത്തപ്പെടുന്നില്ല.
10.മുൻ വർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## 1-12 കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു - വസ്തു നികുതി കുറവ്

2020-21 ലെ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും ഡി & ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | ഡി & ഒ ലൈസൻസ് നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നംമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|---|
| 1 | 814/2020-21 | 9/202A | അഡ്ലി ക്ലേ വർക്ക്സ് | കരീക്കുന്നൻ മുജീബ് റഹ്മാൻ(പാർപ്പിടം) |
| 38 | 951/2020-21 | 15/242 | നജ്മ ട്രേഡിംഗ് കംമ്പനി | പാമ്പോടൻ കദീജ(പാർപ്പിടം) |

പാർപ്പിടാവശ്യങ്ങൾക്ക് വേണ്ടി നികുതി നിർണ്ണയിച്ച നൽകിയ കെട്ടിടങ്ങൾ തരം മാറ്റാതെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ആയത് മൂലം വസ്തു നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി 07/2020-21, 07.09.2021] ഒക്യുപൻസി മാറ്റി നികുതി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറഞ്ഞ തനതു വരുമാനം മാത്രമുള്ള പഞ്ചായത്തിൽ ഇത്തരത്തിലുള്ള വരുമാന ചോർച്ച ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം കൂടി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഉപയോഗത്തിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല.

2020-2021 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ ,അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | നജ്മ ട്രേഡിംഗ് കമ്പനി,മുണ്ടക്കുളം | 2 |
| 2 | 2 | ജീവൻ ഹെർബൽസ്,മുതുവല്ലൂർ | 3 |
| 3 | 5 | ക്ലാസിക് ഇന്റീരീയേഴ്സ് , മുണ്ടക്കുളം | 3 |
| 4 | 6 | Engineers Interlock And | 4 |

| | | | |
|---|---|---|---|
| | | Hollobricks,Mundakkulam | |
| 5 | 10 | വി.കെ.എച്ച് എം സാന്റ്,മുണ്ടക്കുളം | 4 |
| 6 | 20 | എവർ ഫ്രഷ് ഓർഗാനിക് സൊല്യൂഷൻസ്,മുണ്ടക്കുളം | 8 |
| 7 | 14 | തവനൂർ ഇന്റസ്ട്രിയൽസ്,തവനൂർ | 2 |
| 8 | 21 | ആണിനിർമ്മാണ യൂണിറ്റ്,,AV&AJ Associate,വിളയിൽ | 3 |
| 9 | 23 | അജ് വ സൂപ്പർമാർക്കറ്റ്,മുണ്ടക്കുളം | 5 |
| 10 | 28 | AHS CAR ZORG പരതക്കാട്. | 4 |
| 11 | 34 | എസ്.എൻ ഇന്റസ്ട്രിയൽ എൻജിനീയറിംഗ് സെന്റർ,തവനൂർ | 2 |
| 12 | 36 | മാർക്ക് ഹോളോബ്രിക്ക്,മുതുവല്ലൂർ | 3 |
| 13 | 38 | അഡ് ലി ക്ലേ വർക്കേർസ്,ഒന്നാം മൈൽ | 3 |
| 14 | 42 | കെ.സി ഫർണിച്ചർ,തനിയാംപുറം | 4 |
| 15 | 84 | ഫ്രഷ് മാർട്ട് സൂപ്പർ മാർക്കറ്റ്,മുതുവല്ലൂർ | 2 |

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി നമ്പർ 6/07.09.2021] സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.
മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തനതുഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തത് സംബന്ധിച്ച്

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ തനതുഫണ്ടിൽ (കേരള ഗ്രാമീണ ബാങ്ക് കിഴിശ്ശേരി അക്കൗണ്ട് നമ്പർ.40113100114272) നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്ക ശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. . ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.


| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | തുക | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | 12895/3-4-20 | 14340 | 3-4-20 | 9-4-20 |
| 2 | 12896/3-4-20 | 304160 | 3-4-20 | 11-4-20 |
| 3 | 12899/17-4-20 | 9960 | 17-4-20 | 27-4-20 |
| 4 | 13493/18-5-20 | 10424 | 18-5-20 | 28-5-20 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (8/07.09.21) ജോലിത്തിരക്കുകൾ കാരണം ചെലവുകൾ യഥാസമയം രേഖപ്പെടുത്താൻ കഴിഞ്ഞില്ലെന്ന മറുപടിയാണ് നൽകിയത് . ആയത് അംഗീകരിക്കാവുന്നതല്ല. വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ഒരുക്കാത്ത അപേക്ഷകളിന്മേൽ കെട്ടിട നിർമ്മാണ അനുമതി നൽകി.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019, ചട്ടം 29 പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ

സൗകര്യങ്ങളോടുകൂടിയാണ് പാർക്കിംഗ് സ്ഥലം വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഓരോ പാർക്കിംഗിനുള്ള സ്ഥലവും ചട്ട പ്രകാരമുള്ള അളവിൽ (5.5*2.7 മീറ്റർ) പാർക്കിംഗ് സ്ഥലത്ത് മാർക്ക് ചെയ്യേണ്ടതും, ഇത്തരത്തിൽ മാർക്ക് ചെയ്യപ്പെട്ട സ്ഥലങ്ങൾ കൂടാതെ ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സ്ഥലവും ചട്ടപ്രകാരം ഉണ്ടായിരിക്കേണ്ടതുമാണ്. പാർക്ക് ചെയ്ത ഒരു വാഹനം മാറ്റാതെ തന്നെ പാർക്കിംഗ് സ്ഥലത്ത് ഒരുക്കിയിട്ടുള്ള വാഹനങ്ങൾക്ക് ഡ്രൈവിങ്ങിനുള്ള സ്ഥലവും, ഇടനാഴിയും, വാഹനങ്ങൾ തിരിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ വാഹന ഇടനാഴിക്ക് 3 മീറ്റർ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ശ്രീ.അബ്ദുൽ മജീദ്, ചീലത്ത് ആയക്കത്ത് വീട് മുതുവല്ലൂർ എന്നവരുടെ അപേക്ഷയിന്മേൽ [Building Permit No.A3/BA/45167/2021, 22.02.2021- Group F, 819.13 M2] മേൽ വ്യവസ്ഥകൾ പാലിക്കാതെ നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്.




പ്ലാനിലെ 1 മുതൽ 5 വരെ മാർക്ക് ചെയ്ത പാർക്ക് ചെയ്ത വാഹനങ്ങൾക്ക് നൽകിയിരിക്കുന്ന വാഹന ഇടനാഴിക്ക് ചട്ട പ്രകാരമുള്ള വീതി നൽകിയിട്ടില്ല. ക്രമ വിരുദ്ധമായി പെർമിറ്റ് നൽകിയതിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി 11/10-9-21]ന് ലഭ്യമാക്കിയ മറുപടിയിൽ പ്ലാൻ റിവൈസ് ചെയ്ത് ലഭ്യമാക്കുന്നതാണ് അറിയിച്ചിട്ടുണ്ട്].

## <u>1-16 ഇ-ടെണ്ടർ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ അടവാക്കിയില്ല.</u>

2020-21 സാമ്പത്തിക വർഷത്തിൽ 52 പ്രവൃത്തികൾ പഞ്ചായത്തിൽ ഇ-ടെണ്ടറായി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ ഫീസായി കരാറുകാർ അടവാക്കിയ തുക1,40,570 രൂപ ഗ്രാമ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല. ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ടെണ്ടർ ഫീസ് ഇനത്തിൽ നാളിതുവരെ പഞ്ചായത്തിൽ ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുകയും ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## <u>1-17 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് കുറവ് ചെയ്തില്ല.</u>

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യനിർണയതുകയുടെ ഒരു ശതമാനം പ്രവത്തികളുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണതൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്.1996 ലെ ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്തിന്

ഈടാക്കാവുന്നതാണ്. എന്നാൽ ഈയിനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല.പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പ്രവൃത്തികൾ -അവലോകനം

2020-21 വർഷം അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 152 പ്രോജെക്ടുകൾ ആണ് തയ്യാറാക്കിയത്.ഇതിൽ 28 പ്രോജെക്ടുകൾ സ്പിൽ ഓവർ പ്രോജെക്ടുകളാണ്.27പ്രോജെക്ടുകൾ തൻവർഷം ചെയ്തിട്ടില്ല.ഇതിൽ 2 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. സ്പിൽ ഓവർ പ്രവൃത്തികൾ തൻവർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| ആകെ പദ്ധതികൾ | 152 | ആകെ അടങ്കൽ | 36937294 |
| നടപ്പിലാക്കിയത് | 125 | ആകെ ചെലവ് | 24700978 |
| ശതമാനം | 82 | ശതമാനം | 67 |

പഞ്ചായത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസിയർമാരുമാണ് നിലവിൽ ജോലിചെയ്യുന്നത്. പ്രവത്തികളുടെ ബാഹുല്യം പദ്ധതി നിർവഹണത്തിൽ തടസ്സം വരുത്തുന്നുണ്ട്. പ്രവൃത്തികൾ മുഴുവൻ പൂർത്തിയാക്കുന്നില്ല. പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് മരാമത്ത് പ്രവൃത്തികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി മാപ്പും തയ്യാറാക്കണമെന്ന് പദ്ധതി മാർഗരേഖയിൽ നിർദേശിച്ചതാണെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല.പഞ്ചായത്തിന്റെ ഉൾപ്രദേശത്തേക്ക് പരിമിതമായ ഗതാഗത സൗകര്യമാണ് നിലവിലുള്ളത്. റോഡുകളുടെ ദൈർഘ്യം വർദ്ധിപ്പിച്ച് റോഡുകൾ തമ്മിൽ സംയോജിപ്പിച്ച് പഞ്ചായത്തിന്റെ എല്ലാ ഭാഗത്തേക്കും ഗതാഗതസൗകര്യം ഏർപ്പെടുത്തേണ്ടതാണ്.റോഡ് കണക്ടിവിറ്റി മാപ്പും,പ്ലാനും തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല.

മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ പ്രവൃത്തികൾ ചെയ്യുതെന്ന് ഉറപ്പു വരുത്തുന്ന രേഖകളൊന്നും(ആസ്തി കൈമാറിയ രേഖ,ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരം) സൂക്ഷിച്ചിട്ടില്ല.ഇതിനുപുറമെ പദ്ധതി മാർഗരേഖയിൽ നിർദേശിച്ച പ്രകാരം ആസ്തി സംരക്ഷണ പദ്ധതിയും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.പ്രവൃത്തി നിർവഹിക്കുന്നത് പഞ്ചായത്തിന്റെ ആസ്തിയിൽ തന്നെയാണോ എന്ന് ഉറപ്പുവരുത്തുകയും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കാഷ്ബുക്കിൽ ദിവസേനയുള്ള ക്ലോസിംഗ്,മാസാന്ത്യ ക്ലോസിംഗ്,വർഷാന്ത്യ ക്ലോസിംഗ് എന്നിവ രേഖപ്പെടുത്തുന്നില്ല.

ടെണ്ടർ രജിസ്റ്റർഎഗ്രിമെന്റ് രജിസ്റ്റർ, എം ബുക്ക് സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂർത്തീകരിക്കുന്നില്ല.

പ്രോജെക്ട് രജിസ്റ്റർ , റോഡ് രജിസ്റ്റർ, കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.17 ലെ E2/11350/15/CE തസ്വഭവ നമ്പർ സർക്കുലറിൽ നിർദേശിച്ച എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല

ടെൻഡർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏതു നിരക്കിൽ പിഴ ഈടാക്കുമെന്നും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറിൽ വ്യക്തമാക്കുന്നില്ല.കൂടാതെ പിഴ സംബന്ധിച്ച പുതിയ PWD മാന്വൽ പ്രകാരമുള്ള വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുന്നില്ല. PWD മാന്വൽ നിർദേശങ്ങൾ പൂർണമായി പദ്ധതി നിർവഹണത്തിൽ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

പദ്ധതി രൂപീകരണത്തിനായി ഓരോ വിഷയമേഖലയിലും രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ദ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷത്തെ പ്രോജക്ടുകളുടെ നിർവഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക,സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക,പ്രോജക്ടുകൾ തയ്യാറാക്കുക പ്രോജക്ട് നിർവഹണത്തിനു ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക തുടങ്ങിയ ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. എന്നാൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ 2020-21 ലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിന് 7.1.20 ൽ ഒരു പ്രാവശ്യം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതികൾ നിർദ്ദേശിക്കുന്നതിനപ്പുറം കാര്യമായ ചർച്ചകൾ നടന്നിട്ടില്ല.വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളെ പുനസംഘടിപ്പിക്കുകയും അവയ്ക്ക് വേണ്ട മാർഗ നിർദേശങ്ങൾ നൽകുകയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് ഗൗരവമായ ചർച്ചകളോ തീരുമാനങ്ങളോ രേഖപ്പെടുത്തിയതായി കാണുന്നില്ല.അതാത് മേഖലകളുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാര നടപടികൾ നിർദേശിക്കുന്നതിലും പരിഹാരമുണ്ടാക്കുന്നതിലും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വ്യക്തമായ മേൽനോട്ടമാവശ്യമാണ്.

## 1-19 എയ്ഡഡ് സ്കൂളിൽ ടോയ് ലറ്റ് നിർമ്മിക്കൽ -അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ തയ്യാറാക്കി അംഗീകാരം നേടി 2020-21 വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്ട് നമ്പർ 256/20-21 സി എച്ച് എംകെഎം യു പി സ്കൂളിന് ടോയ്ലറ്റ് നിർമ്മാണം എന്ന പ്രോജെക്ടിന് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചതായി കാണുന്നു.

കേന്ദ്രാവിഷ്കൃത ഫണ്ട്(ശുചിത്വമിഷൻ ഫണ്ട്)- 2,06,559 (ചെക്ക് നമ്പർ JH0940907/30-9-2020)

2019-20 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗരേഖ ജി ഒ(എംഎസ്) 11/2018/തസ്വഭവ തി.29-1-18 നമ്പർ ഉത്തരവ് ഖ.7.6 പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ള യൂറിനലുകളും ടോയ്ലറ്റുകളും,വാഷ്ബേസിനുകളും നിർമ്മിക്കുകയും അവയിൽ ജലലഭ്യതയും മറ്റ് ശുചിത്വ സൗകര്യങ്ങളും ഏർപ്പെടുത്തിയശേഷം മാത്രം എയ്ഡഡ് സ്കൂളുകൾക്ക് ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താമെന്നാണ് പറയുന്നത്. എസ്റ്റിമേറ്റിലും പ്രോജെക്ടിലും പ്രസ്തുത സ്ഥാപനം എയ്ഡഡ് സ്കൂൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്ത് രാജ് നിയമ പ്രകാരം സർക്കാർ എൽ.പി, യു.പി. സ്കൂളുകളാണ് പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്.ആയതിനാൽ പ്രദേശത്തെ സർക്കാർ എൽപി, യു പി സ്കൂളുകളിൽ മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ച എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയ ശേഷം മാത്രമാണ് എയ്ഡഡ് സ്കൂളുകളിൽ ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നത്.പഞ്ചായത്ത് നടപ്പിലാക്കിയ മേൽ പ്രോജെക്ടിന്റെ രേഖകൾ പരിശോധിച്ചതിൽ പ്രോജെക്ട് തയ്യാറാക്കിയതിലും നടപ്പിലാക്കിയതിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 <u>സർക്കാർ സ്കൂളുകളിൽ ആവശ്യമായ ശുചിമുറി സൗകര്യം ഇല്ലാതിരിക്കെ എയ്ഡഡ് സ്കൂളിന് സഹായം നൽകിയതുമായി ബന്ധപ്പെട്ട് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.</u>

2019-20 വാർഷിക പദ്ധതി തയ്യാറാക്കിയതിന്റെ ഭാഗമായി പഞ്ചായത്ത് തയ്യാറാക്കി അംഗീകരിച്ച അവസ്ഥാ രേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) വിദ്യഭ്യാസ മേഖലയിൽ പഞ്ചായത്തിലെ സ്കൂളുകളിൽ ശുചിമുറികളുടെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം (പട്ടിക1.1.6) പഞ്ചായത്തിലെ എല്ലാ സർക്കാർ സ്കൂളുകളിലും ഗേൾസ് ഫ്രെണ്ട് ടോയ്ലറ്റുകളുടെ ആവശ്യകത രേഖപ്പെടുത്തിയിട്ടുണ്ട്.കൂടാതെ ജി എൽപി സ്കൂൾ പറപ്പൂർ ഹെഡ്മാസ്റ്റർ 2020-21 വർഷത്തേക്ക് ടോയ്ലറ്റിനായി പ്രസ്തുത സ്കൂളിനെ പരിഗണിക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്.മേൽ രേഖകൾ പ്രകാരം പഞ്ചായത്തിലെ പല സർക്കാർ സ്കൂളുകളിലും ശുചിമുറി സൗകര്യങ്ങൾ അപര്യാപ്തമാണ്. ഗ്രാമപഞ്ചായത്തിലുള്ള തവനൂർ ജി എൽ പി എസിൽ നിലവിലുള്ള ടോയ്ലറ്റിനു മുകളിൽ മൂന്ന് ടോയ്ലറ്റുകൾ നിർമ്മിച്ചിട്ടുണ്ടെന്നും പറപ്പൂർ ജി എൽ പി എസിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് സർക്കാരിലേക്ക് പ്രൊപ്പോസൽ പോയിട്ടുണ്ടെന്നും പരതക്കാട് ജി എൽ പി എസിൽ ടോയ്ലറ്റ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലെന്നും ഇതു സംബന്ധിച്ച് നമ്പർ 5/6-9-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രോജെക്ട് തയ്യാറാക്കുന്നതിനു മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും മേൽപ്പറഞ്ഞ എല്ലാ സൗകര്യങ്ങളും ഉണ്ടോ എന്ന പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. വിശദീകരണങ്ങൾ സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

2 <u>ടോയ്ലറ്റ് നിർമ്മാണത്തിന് സി എച്ച് എം കെ എം യു പി സ്കൂളിനെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല.</u>

മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ആറോളം എയ്ഡഡ് സ്കൂളുകൾ ഉണ്ടെങ്കിലും ടോയ്ലറ്റ് നിർമ്മാണത്തിന് സിഎച്ച് എംകെഎം യു പി സ്കൂളിനെ തെരഞ്ഞെടുത്തത് ഏതു മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല . എയ്ഡഡ് സ്കൂളുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും അവർക്ക് എത്ര വീതം ടോയ്ലറ്റുകൾ ആവശ്യമുണ്ടെന്നും പഠനം നടത്താതെയാണ് പ്രോജെക്ട് തയ്യാറാക്കിയത്.ഇതു സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ചകൾ നടത്തിയതായി കാണുന്നില്ല.

3 പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-20 ആയുർവേദ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ടിൽ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്.

| പ്രോജെക്ട് നമ്പർ/ പേര് | ഔഷധിയിൽ അടവാക്കിയ തുക | ബിൽ നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില/ ഇൻവോയ്സ് നമ്പർ | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 205/20-21<br>ആയുർവേദ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 3,50,000 രൂപ | 1/20-21 തി. 10.8.20 | 3,39,851രൂപ | 90176237/20-8-20 -1,23432 രൂപ<br>90206089/31-3-21 -1,84,874 രൂപ<br>902113969/28-6-21 -31,545 രൂപ<br>ആകെ 3,39,851രൂപ | 10,149 രൂപ |

ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 2 /31-8-2021 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച

വരുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

## 1-21 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ടിൽ മരുന്നുകൾ ലഭ്യമാകവാൻ അവശേഷിക്കുന്നു.മരുന്നുകൾ വാങ്ങിയത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നാണ്.

| പ്രോജെക്ട് നമ്പർ/ പേര് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയ തുക | ബിൽ നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില/ഇൻവോയ്സ് നമ്പർ | | ലഭ്യമാകവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 205/20-21 പിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 4,00,000 രൂപ | 3/20-21 തി. 20.2.21 | 1,29,387രൂപ | 5097/12-8-21 1,00,610 രൂപ 4485/2-8-21 28,768 രൂപ ആകെ 1,29,378 രൂപ | 2,70,613 രൂപ |

ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 1/20-21 തി.31-8-2021 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

## 1-22 പ്രിന്റർ ലഭ്യമാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവഹണ ഉദ്യോഗസ്ഥനായി നടത്തിലാക്കിയ പിഎച്ച്സി സബ്സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യൽ എന്ന പ്രോജെക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജെക്ട് നമ്പർ/പേര് | കെ എസ് ഐ ഇ യിൽ അടവാക്കിയ തുക | ബിൽ നമ്പർ/ തിയതി |
|---|---|---|
| 223/20-21 പിഎച്ച്സി സബ്സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (എംജി നോൺ റോഡ്) | 1,47,467 രൂപ | 3/20-21 തി. 15.5.20 |

കെൽട്രോണിൽ നിന്നും 33,154 രൂപ വിലയുള്ള 4 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.മേൽ കമ്പ്യൂട്ടറുകൾ നാല് സബ്സെന്ററുകളിൽ വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ 14,851 രൂപ വിലയുള്ള A4 Multi Function പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല.ആയത് ലഭ്യമാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 4/31-8-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മറുപടിയിൽ പ്രിന്റർ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രിന്റർ ലഭ്യമാകുന്നതുവരെ 14,851 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയില്ല

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമപദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതുണ്ട്.സ.ഉ (കൈ)നം 161/16/ത.സ്വ.ഭ.വ തി.9.11.2016 പ്രകാരം ജലസുരക്ഷ-സമ്പൂർണ കിണർ റീചാർജ് സംബന്ധിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.എന്നാൽ മുതുവല്ലൂർ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ഭരണസമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. .വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ കിണർ റീചാർജ് പ്രവൃത്തികൾ ഏറെ പ്രസക്തമാണ്.മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ ചെലവ് രേഖകൾ പരിശോധിച്ചപ്പോൾ ഓഡിറ്റ് വർഷങ്ങളിൽ വേനൽ രൂക്ഷമായ സമയത്ത് കുടിവെള്ളം വിതരണം ചെയ്യാൻ വലിയ തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിതമായ ഇടപെടലുകൾ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതുമാണ്.

**1-24 വെള്ളക്കരം അടവാക്കുന്നത് - രേഖകൾ ഇല്ല**

പഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 7875/-രൂപ വീതം അടവാക്കിവരുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ പരിശോധനക്ക് ലഭ്യമായിട്ടില്ല. കൂടാതെ ടാപ്പുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. പഞ്ചായത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ കണ്ടെത്തി അധികം പണം നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/7-9-21)മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

**4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.**

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 31-8-2021 മുതൽ 1-9-2021 വരെ | കെ.എസ്.എ.എം.പി.എം.9/1449/2021 |

**4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 775000 | പ്രൊജക്ട് നമ്പർ: 184/20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 775000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 800000 | പ്രൊജക്ട് നമ്പർ:184/21 വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ്-ജനറൽ | 800000 | 0 |
| | | 260000 | പ്രൊജക്ട് നമ്പർ:195/21 ലൈഫ് ഭവന പദ്ധതി | 260000 | 0 |
| | | 740000 | പ്രൊജക്ട് നമ്പർ:15/21 | 740000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പോത്തുവെട്ടിപ്പാറ അംഗൻവാടി കെട്ടിട നിർമ്മാണം | | |

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 208/21 മേലേക്കണ്ടി വള്ളിക്കാട്ടുകുണ്ടിൽ കുറുക്കൻ കുണ്ട് റോഡിലേക്ക് പൈപ്പ് ലൈൻ | 22000829 തീയ്യതി 22-10-20 | 200000 | 0 | ഇല്ല. | 200000 |
| കേരള വാട്ടർ അതോറിറ്റി | 283/21ജലജീവൻ മിഷൻ പദ്ധതി | 22000990 തീയ്യതി 22-3-21 | 300000 | 0 | ഇല്ല. | 300000 |
| കേരള വാട്ടർ അതോറിറ്റി | 288/21മുട്ടിയാറക്കൽ ഭാഗത്തേക്ക് കുടിവെള്ള പദ്ധതി | 22000830 തീയ്യതി 22-10-20 | 200000 | 0 | ഇല്ല. | 200000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ | GO(Rt)43/2020 Dtd 1-1-2021 GO(Rt)4461/2020 Dtd 3-8-2020 | 0 | 1410004 | 336510 | 0 | 1073494 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2020-21വർഷത്തിൽ ലഭിച്ച 27062/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,2014-15 | 3-1 | 6770 | പി ഉണ്ണി ഹെഡ് മാസ്റ്റർ | 120160101108 തീയ്യതി 16-11-20 |
| 2013-14,2014-15 | 3-1 | 6764 | തങ്കമണി പി മുൻ മെമ്പർ | 120160101144 തീയ്യതി 17-11-20 |
| 2013-14,2014-15 | 3-1 | 6764 | ബാബുരാജ് മുൻ മെമ്പർ | 120160101153 തീയ്യതി 17-11-20 |

| | | | | |
|---|---|---|---|---|
| 2013-14,2014-15 | 3-1 | 6764 | സി.കെ ഷിഹാബ് മുൻ മെമ്പർ | 120160101154 തീയ്യതി 17-11-20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തുനികുതി സംബന്ധിച്ച് | 04.09.18 ലെ ബി4-3110/18 പ്രകാരം മറുപടി നൽകി |
| | 2-2 | | അനുബന്ധം 4 | തൊഴിൽനികുതി സംബന്ധിച്ച് | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 70211088 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60732015 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14851 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 14851 | മെഡിക്കൽ ഓഫീസർ പി എച്ച് സി (Dr. സ്വാബിർ നാലകത്ത്) |

സി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.സ്വാബിർ നാലകത്ത് | മെഡിക്കൽ ഓഫീസർ പി എച്ച് സി | നാലകത്ത് വീട് |

| | | |
|---|---|---|
| (മെഡിക്കൽ ഓഫീസർ പി എച്ച് സി) | | പൂത്തലം അരീക്കോട് 673639 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2008-09 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2009-10,10-11 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 7 |
| 2011-12,2012-13 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 2 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം9/2554/2018 തി : 6-03-2019 | 3 |
| 2015-16 | കെ.എസ്.എ.എം.പി.എം.9/2555/2018 തി: 07.03.2019 | 3 |
| 2016-17 | കെ.എസ്.എ.എം.പി.എം.9/2555/2018 തി: 30.03.2019 | 9 |
| 2017-18 | കെ.എസ്.എ.എം.പി.എം.9/2421/18 തി. 7.2.2019 | 12 |
| 2018-19 | കെ.എസ്.എ.എം.പി.എം.9/98/20തി. 24.4.2020 | 18 |
| 2019-20 | കെ.എസ്.എ.എം.പി.എം.9/1448/2021തി. | 22 |

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്